1993 മെയ് 3

കേരളത്തിലെ ഫൂട്ട്ബോള് അരങ്ങില് നിന്ന് ദേശീയ തലത്തിലേക്ക്
പുതിയ പ്രതീക്ഷയുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവന്കൂര് ഒരു
ഇന്സ്റ്റിസ്റ്റൂഷണല് ക്ലബ്ബിന്റെ ഉദയം കുറിച്ച ദിനം. ഒന്പതുപേരെ ദേശീയ
ടീമിലേക്കും അമ്പതോളം പേരെ സന്തോഷ് ട്രോഫി, ദേശീയ ഗെംയിസ്
എന്നിവക്കായുള്ള കേരള ടീമിലേക്കും പ്രാപ്തരാക്കിയ SBT
ഫുട്ബോള് ടീമിന്റെ സുവര്ണ്ണകാലത്ത് നിന്ന്,

ഈയാഴ്ച്ചയുടെ ദളം,

ജിജു ജേക്കബ്
ബ്രാഞ്ച് ഹെഡ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
കൊച്ചിന് പോര്ട്ട് ട്രസ്റ്റ് ബ്രാഞ്ച്.

1967 ക്രിസ്മസ് നാളില് കോഴിക്കോട് ബേപ്പൂരില് ജേക്കബ് പീറ്റര്-
എലിസബത് പീറ്റര് ദമ്പതികളുടെ മൂന്ന് മക്കളില് ആദ്യയാളായി ജനനം.

ഏവരുടേയും "മാഷ്" ആയിരുന്നു
റെയില്വേയില് സ്റ്റേഷന് മാസ്റ്ററായിരുന്ന ശ്രീ ജേക്കബ് പീറ്റര്. അദ്ദേഹം,
സംസ്ഥാന ഹോക്കി ടീം പ്ലേയര്, ബോഡി ബില്ഡര് എന്നീ
നിലകളില് കായിക മേഖലകളില് തിളങ്ങിയ താരമായിരുന്നതിനു പുറമെ
ഡബിള് എം.എ നേടി വിദ്യാഭ്യാസ മേഖലയിലും ശ്രദ്ധേയനായിരുന്നു.
ശ്രീമതി എലിസബത്ത് പീറ്റര്, കോഴിക്കോട് ബേപ്പൂരിലെയും
നടക്കാവിലെയും സ്ക്കൂളുകളില് അദ്ധ്യാപികയും ഹെഡ്മിസ്ട്രസു
മായിരുന്നു. രണ്ടു പേരും മണ്മറഞ്ഞു.

കാല് പന്തുകളിയുടെ ഈറ്റില്ലങ്ങളായിരുന്നു കോഴിക്കോട്
താമസസ്ഥലങ്ങളും പരിസരങ്ങളും. മാതാപിതാക്കളുടെ
പ്രോത്സാഹനവും ആവോളമുണ്ടായി.

പിതാവ് സ്റ്റേഷന് മാസ്റ്ററായിരുന്ന വെള്ളയില് സ്റ്റേഷന് പരിസരത്ത് പന്തു
തട്ടിക്കളിക്കാന് മൈതാനവും കളിക്കാരും യഥേഷ്ടം. നരിക്കുനീ
തൊടിയിലെ കളിക്കാരായി എത്തിയിരുന്നവരില് പ്രേംനാഥ്
ഫിലിപ്പിനെപ്പോലെ ദേശീയ ടീമിലെ കളിക്കാരേറെയുണ്ടായിരുന്നു,
മാതൃകയായി. കളിയോടുള്ള അവരുടെ ആത്മാര്പ്പണം കണ്ട് പന്തു
തട്ടിക്കളിച്ച്
ഫുട്ബോള് ആഴത്തില് മനസ്സിലേക്കുരുണ്ടു
കയറുകയായിരുന്നു. അവിടെ സ്ഥിരമായെത്തിയിരുന്ന
രാധാമാധവന് (എയര്ഫോഴ്സ് റിട്ടയേര്ഡ്) എന്ന
പ്രഗത്ഭനായ കോച്ച് തന്നിലെ കഴിവിനെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചു -

ജിജു തന്റെ ഫുട്ബോള് പ്രണയത്തിന്റെ തുടക്കകാലത്തിലേക്ക് മനസ്സു തുറക്കുന്നു.

കോഴിക്കോട് മലബാര് ക്രിസ്ത്യന് കോളേജ് ഹൈസ്കൂളിലായിരുന്നു ഏഴാംക്ലാസ്സ് വരെയുള്ള പഠനം. തുടര്ന്ന് സെന്റ് ജോസഫ്സ് ബോയ്സ് ഹൈസ്കൂളില് പത്താം ക്ലാസ് വരെയും. ഒന്പതാംക്ലാസ്സില് സെന്റ് ജോസഫ്സ് സ്കൂള് ടീമില് അംഗമായി. അവിടെ കായികാദ്ധ്യാപകനായിരുന്ന വേലായുധന് കുട്ടി മാഷിന്റെ ശിക്ഷണം വിലപ്പെട്ടതായി മാറുകയും ചെയ്തു. 1983 ല് ജീ.വി.രാജ സ്പോര്ട്സ് സ്കൂളിനെ തോല്പ്പിച്ച് കേരളാ സ്കൂള്സ് ഫുട്ബാള് ചാമ്പ്യന്മാരായി സെന്റ് ജോസഫ്സ് ടീം. തുടര്ന്ന് ഡെല്ഹിയില് നടന്ന സുബ്രതോ കപ്പിനു വേണ്ടിയുള്ള ദേശീയ സ്കൂള് ടൂര്ണ്ണമെന്റില് ചാമ്പ്യന്മാരുമായ സെന്റ് ജോസഫ്സ് കാലം തന്റെ കായിക ജീവിതത്തിലെ മഹത്തായൊരു വഴിത്തിരിവായി മാറുകയും ചെയ്തു.

ഫുട്ബോളിന് കീര്ത്തി നേടിയ മലബാര് ക്രിസ്ത്യന് കോളേജില് പ്രീ-ഡിഗ്രിക്ക് അഡ്മിഷന് ലഭിച്ചത് തന്റെ അക്കാദമിക് മെരിറ്റിലായിരുന്നു. സ്പോര്ട്സ് ക്വാട്ടയില് തെരഞ്ഞെടുക്കപ്പെട്ടവരും ചേര്ന്ന കോളേജ് ടീമിലിടം പിടിച്ച് വിവിധ ടൂര്ണ്ണമെന്റുകളില് വിജയം നേടി. നാഷണല് യൂണിവേഴ്സിറ്റി ചാമ്പ്യന്മാര് കൂടിയായ കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ ടീമില് ഇടം നേടാന് കഴിഞ്ഞതുമില്ല.

ഈ കാലത്ത് കോഴിക്കോടിന്റെ അഭിമാനസ്തംഭങ്ങളായ ജെംസ് (യംഗ് ചാലഞ്ചേഴ്സ് ക്ലബ്ബിന്റെ ജൂനിയര് ടീം)
ബ്രീസ് എന്നിവയിലൂടെ എ ഡിവിഷനുകളില് കളിക്കുവാനും അവസരങ്ങള് കൈവന്നു. അക്കാലത്തെ പ്രമുഖ ടൂര്ണ്ണമെന്റായ സേട്ട് നാഗ്ജി കപ്പിനു വേണ്ടിയുള്ള കളിയില്, രാജ്യത്തെ ഒന്നാംകിട ക്ലബ്ബുകള് പങ്കെടുത്തിരുന്നു. അവരുമായി പ്രാക്ടീസ് മത്സരങ്ങളില് പങ്കെടുക്കുവാന് അനുവാദം കിട്ടിയതും നേട്ടമായി. എ ഡിവിഷന് ജേതാക്കളായ ജൂനിയര് ടീമുകള്ക്ക് പ്രീ-
ക്വാര്ട്ടര് തലങ്ങള് വരെ പങ്കെടുക്കാനും അവസരങ്ങളുണ്ടായി. അങ്ങിനെയൊരു മത്സരത്തില് പര്വീന്ദര് നയിച്ചിരുന്ന JCT ഫഗ്വാര ടീമിനെതിരെ മികച്ച പോരാട്ടം നടത്തി പിടിച്ചു നിന്ന ടീം അനുഭവങ്ങള് മറക്കാവതല്ല. 'ബ്രീസി' ല് നിന്ന്
ഒളിമ്പ്യന് അബ്ദുള് റഹിമാന് മെന്ററായും SBI യുടെ പഴയകാലകളിക്കാരനായിരുന്ന ഉമ്മര് മെയിന് കോച്ചുമായിരുന്ന കാലത്തെ കളി പാഠങ്ങള് തന്നിലെ ഫുട്ബോളറെ
പാകപ്പെടുത്തുവാനേറെ ഉതകി. കോഴിക്കോട്ടെ സമ്പന്നമായ ഫുട്ബോള് പാഠങ്ങളുമായി
കണ്ണൂര് കെല്ട്രോണ് ടീമിലെത്തുകയായിരുന്നു, അടുത്ത പടി. ശ്രീ നാരായണട്രോഫിയിലെ "കറുത്തകുതിരകള്" എന്നു വിശേഷിപ്പിക്കപ്പെട്ട കെല്ട്രോണ്സ് കാലത്ത് നേടിയ അറിവുകള് തന്നിലെ ഫുട്ബോളറെ

Rough & Tough കളിയില് നിന്ന് Skillful പ്ലേയറാക്കിത്തീര്ത്തു എന്ന് ജിജു ജേക്കബ് സാഭിമാനം പറയുന്നു. കോച്ച് ബാലകൃഷ്ണന് (നേവി റിട്ടയേര്ഡ്) സാറിന്റെ കണിശമായ പ്രാക്ടീസിംഗിലൂടെ റൈറ്റ്- വിംഗ് ബാക്ക് പൊസിഷനില് സ്ഥാനമുറപ്പിച്ചു.
1990 ല് ഗോവയില് നടന്ന സന്തോഷ് ട്രോഫി ടൂര്ണ്ണമെന്റില് കേരള ടീം അംഗമായി. തുടര്ച്ചയായി ആറ് സന്തോഷ് ട്രോഫി
ടൂര്ണ്ണമെന്റുകളില് കളിച്ചു. ആ കാലയളവില് 1992 ലും 1993 ലും കേരളം സന്തോഷ് ട്രോഫി നേടുകയും ചെയ്തു. സന്തോഷ് ട്രോഫിയില് തുടരെ രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തിരുന്നു, അക്കാലത്തെ കേരള ടീം.
1997 ല് സന്തോഷ് ട്രോഫി ടീമിനെ നയിച്ചു. 1997 ല് നാഷണല് ഗെയിംസ് ചാമ്പ്യന്സായ കേരളടീമിനെയും നയിച്ചു.
SBT യിലേക്ക് റിക്രൂട്ട് ചെയ്യപ്പെട്ടത് 1993 ലാണ്. 1986 മുതല് ലീഗ് ഡിവിഷന് തൊട്ട് സ്റ്റേറ്റ് തലം വരെ വളര്ന്നു കയറിയ SBT ടീമിനെ വിപുലീകരിച്ച് ദേശീയ തലത്തില് കളിക്കാന് പ്രാപ്തമായ ഇന്സ്റ്റിസ്റ്റ്യൂഷണല് ടീമാക്കി മാറ്റുക എന്ന പോളിസിയുടെ ഭാഗമായി മികച്ച ഫുട്ബോളേഴ്സിനായുള്ള
റിക്രൂട്ട്മെന്റില് ആറുപേര് തെരഞ്ഞെടുക്കപ്പെട്ടു. അതിലൂടെയാണ് ജിജു ജേക്കബ് ബാങ്കറായി മാറുന്നത്. ഇതേ വര്ഷം തന്നെ ഇന്ത്യന് ടീമിലേക്കും ജിജുവിന് സെലക്ഷന് ലഭിച്ചു.

1993 മുതല് 1998 വരെ രണ്ട് SAF ഗെയിംസ്, രണ്ട് SARC ഗെയിംസ്, രണ്ട് Nehru കപ്പ്, വേള്ഡ് കപ്പ് ക്വാളിഫൈയിംഗ് റൗണ്ട്, ഏഷ്യന് ഗെയിംസ് എന്നിവയില് ഇന്ത്യന് ടീമിനു വേണ്ടി കളിച്ചു, 1998 ല് ഇന്ത്യന് ടീമില് നിന്ന് റിട്ടയര് ചെയ്തു. റൈറ്റ് - വിംഗില് മാസ്മരികത തീര്ത്തിരുന്ന ഈ ബാങ്കര് കളിക്കാരന് വിദേശകോച്ചുകളുടെ പരിശീലനത്തില് ലിബറൊ എന്നറിയപ്പെടുന്ന ബാക്ക് സ്റ്റോപ്പ് പൊസിഷനിലും
നിലയുറപ്പിക്കാന് കഴിഞ്ഞു. ഇന്ത്യന് ടീമിലെ മികച്ച ഡിഫെന്റര്മാരിലൊരാളായി SBT യുടെ ഈ അഭിമാന താരത്തെ വിലയിരുത്തിയിരുന്ന കാലം.

അക്കാലങ്ങളിലെ വാര്ത്താ തലക്കെട്ടുകളിലും കളിയവലോകനങ്ങളിലും ആക്ഷന് ഫോട്ടോകളിലും ജിജുവിന്റെ പ്രതിബദ്ധതയുടെ നേര്ക്കാഴ്ച കാണാം.

1997 ലെ മികച്ച ഫുട്ബോളര്ക്ക് കേരള
ഫുട്ബോള് അസോസിയേഷന് നല്കിയ ജീ.വി.രാജാ ഗോള്ഡ് മെഡല്. 1997 ലെ പ്രകടനങ്ങള് വിലയിരുത്തി, കേരളത്തിലെ മികച്ച കായിക പ്രതിഭക്കുള്ള 1998 ലെ കേരള സര്ക്കാര് ജി.വി.രാജ അവാര്ഡ് എന്നിവ ജിജു ജേക്കബിന്റെ ശേഖരത്തില് ശോഭയാര്ന്നിരിക്കുന്നു.

2000 ല് കളിക്കളത്തില് നിന്ന് പൂര്ണ്ണമായും മാറി, ബാങ്കിംഗ് കരിയറിലെ മെയിന് സ്ട്രീമിന്റെ ഭാഗമാവുകയായിരുന്നു. തുടര്ന്നുള്ള വര്ഷങ്ങളില്.

മെര്ജര് വരെ രണ്ടു ഘട്ടങ്ങളില് SBT ടീം മാനേജരായി പ്രവര്ത്തിക്കുവാനും അവസരം ലഭിച്ചു.

ബാങ്കിംഗ് കരിയറിലെ പടി പടിയായുള്ള ഉയര്ച്ചയും ഈ ഫുട്ബോള് പ്രതിഭയുടെ മാറ്റു കൂട്ടുന്നു.

1993 ല്സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവന്കൂറില് ഹെഡോഫീസില് പി എ ഡിപ്പാര്ട്ട്മെന്റില് ക്ലറിക്കല് കേഡറിലായിരുന്നൂ നിയമനം. രാവിലെ മുതല് ഉച്ച വരെയുള്ള സമയം സര്വീസ് ബ്രാഞ്ചിലെ ബാങ്കിംഗ് ജോലിനിര്വഹണ ശേഷം, ടീം പ്രാക്ടീസിംഗ് - ടൂര്ണ്ണമെന്റുകളില്ലാത്ത സമയത്തെ ജോലി വ്യവസ്ഥകളങ്ങിനെയായിരുന്നു.
1993 മുതല് തുടര്ച്ചയായി നാലു കൊല്ലം നാഷണല് ടീമംഗമെന്ന നിലയില് വിവിധ SAF, SARC, Nehru Cup വിജയങ്ങളുടെ അടിസ്ഥാനത്തില് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ ഗൈെഡ് ലൈെന്സ് പ്രകാരം ഓഫീസര് കേഡറിലേക്ക് ഔട്ട് ഓഫ് ടേണ് പ്രൊമോഷന് 1997 ല് ലഭിച്ചു. തുടര്ന്ന് ശംഖുംമുഖം എയര്പോര്ട്ട് ബ്രാഞ്ച്, കേരള യൂണിവേഴ്സിറ്റിഓഫീസ് ക്യാംപസ് ബ്രാഞ്ച് എന്നിവിടങ്ങളില് പ്രവര്ത്തിച്ചു. 2004 ല് സ്കെയില് ടൂ പ്രൊമോഷന് ലഭിച്ചു. പൂജപ്പുര NAC ബാഞ്ചില് - ഇവിടെ അക്കൗണ്ടന്റായി പ്രവര്ത്തിക്കുമ്പോള് ബാങ്കിംഗില് നൂതനമായി ഏര്പ്പെടുത്തപ്പെട്ട CAC, NEFT, RTGS എന്നിവയുടെ ട്രയല് റണ്ണുകളുടെ ഘട്ടം തന്നിലൂടെയാണ് കടന്നു പോയതെന്ന് അഭിമാനപൂര്വ്വം ജിജു ഓര്ക്കുന്നു. 2008 ല് കോഴിക്കോട് സോണല് ഓഫീസിലും തുടര്ന്ന്
2010 ല് സ്കെയില് ത്രീയില് പ്രൊമോഷനായി ഇരിങ്ങാലക്കുട ബ്രാഞ്ചില് മാനേജര് (പെര്സണല് ബാങ്കിംഗ്) ആയും പ്രവര്ത്തന മേഖല വിപുലമായി. 2013 ല് മടവൂര് ബ്രാഞ്ച് ഹെഡായി ചേര്ന്നു. 2016 ല് സ്കെയില് ഫോര് പ്രൊമോഷന് നേടി തിരുവനന്തപുരം പട്ടം ബ്രാഞ്ചില് ചീഫ് മാനേജരായി. 2017 ല് മെര്ജറിനു ശേഷം SBI കോര്പ്പറേറ്റ് സെന്റര് മുംബൈെയിലെത്തിച്ചേര്ന്നു. 2019 ല് കേരളത്തിലേക്ക് മടക്കം. LHO യില് MBPM Department ല് ചീഫ് മാനേജര്. ഈ കഴിഞ്ഞ ദിവസങ്ങളില് കൊച്ചി പോര്ട്ട് ട്രസ്റ്റ് ബ്രാഞ്ച് ഹെഡായി സ്ഥലം മാറ്റം വന്നിരിക്കുന്നു. ക്രിസ്മസിനു ശേഷം പുതിയ ബ്രാഞ്ചില് ചേരുവാന് തയ്യാറെടുക്കുന്നു.

1997 ലെ ചാമ്പ്യന് നായകനായി എത്തിയ ജിജുവിനെ കാത്തിരുന്നത് ജീവിതക്കളരിയുടെ പുതുവര്ണ്ണങ്ങളായിരുന്നു. ബാങ്കിംഗ് കരിയറിലെ പ്രൊമോഷനും ഒപ്പം മിനി മോള് മത്തായി എന്ന ബാങ്കറുമായുള്ള മിന്നു കെട്ടും! മിനി മോള് അക്കാലത്ത് SBT കഴക്കൂട്ടം ബ്രാഞ്ചിലായിരുന്നു. ഇപ്പോള് SBI തിരുവനന്തപുരം മെഡിക്കല് കോളേജ് ബ്രാഞ്ചില് ചീഫ് അസോസിയേറ്റാണ്. ജീവിത അരങ്ങില് കൂട്ടായി ലെഫ്റ്റ് വിംഗിലും റൈെറ്റ് വിംഗിലുമായി രണ്ടു മക്കള്. മൂത്തയാള് - നിഖില് ജെ. ജിജു- അമിറ്റി യൂണിവേഴ്സിറ്റിയില് നിന്ന് Homeland securities ല് ബിരുദം നേടിയ ശേഷം

ഗുജറാത്ത് നാഷണല് ഫോറന്സിക്
യൂണിവേഴസിറ്റിയില് പോസ്റ്റ്ഗ്രാഡ്വേഷന് ചേര്ന്നിരിക്കുന്നു.
രണ്ടാമത്തെയാള്- മിലന് എം. ജിജു - പ്ലസ് ടൂവിനും പഠിക്കുന്നു.

കഴിഞ്ഞ അഞ്ചുവര്ഷമായി ജിജു, സ്റ്റാര് സ്പോര്ട്സിന്റെ എക്സ്പെര്ട്ട് കമന്റേറ്റര് പാനലിനുവേണ്ടി ഫുട്ബോള് കളിയവലോകനവും കമന്ററിയും നടത്തി വരുന്നു. ഏഷ്യാനെറ്റ് പ്ലസില് ISL കളികളുടെ ജിജു ടച്ച് കമന്ററിയും അവലോകനവും ശ്രദ്ധ ഏറെ നേടുന്നു.

തൊണ്ണൂറുകളിലെ ദേശീയ അന്തര്ദേശീയ കളികളിലെ വാര്ത്തകളിലും കളിയവലോകനങ്ങളിലും ജിജുവിനെ വിലയിരുത്തിയിരുന്നത് "കളിക്കളത്തിലെ വലതുപക്ഷ തീവ്രവാദി" എന്നായിരുന്നു.
"ഇത്രയും പ്രതിഭയുള്ള ഒരു പ്രതിരോധ നിരക്കാരനെ ഞാന് കണ്ടിട്ടില്ല"- എസ്.ബീ.ടി - എഫ്. സി കൊച്ചിസെമിഫൈനലിനു ശേഷം ടൈംസ് ഓഫ് ഇന്ത്യയുടെ സീനിയര് സ്പോര്ട്ട്സ് കറസ്പോണ്ടന്റ് ചെറിയാന് തോമസിന്റെ വിലയിരുത്തല്.
"കാലൊന്ന് ഇടത്തോട്ട് തെറ്റിച്ച്, പിന്നെ ഒന്ന് വലത്തോട്ട് തിരിഞ്ഞ് നെഞ്ച് അല്പമൊന്ന് കനപ്പിച്ച് ജിജു നീങ്ങും.
പന്തും അപ്പോള് ജിജുവിന്റെ ഒപ്പം ഉണ്ടാകും. പിന്നെ മൈതാനമദ്ധ്യവും കടന്ന് ജിജു പായും, പെനാല്ട്ടി ഏരിയിലേക്ക് ഒരു പാസ്', ഗോളിലേക്ക് കണക്ക് ചെയ്യുന്നതിന് പാകത്തില്-- (അക്കാലത്തെ ഒരു കളിയവലോകനത്തില് 'ജിജു ടച്ചി'നെ സൂചിപ്പിക്കുന്ന ഭാഗം)
വലത് വിംഗിലെ കുതിപ്പും കോട്ടതീര്ക്കലും
ജിജുവില് സുരക്ഷിതമായിരുന്നു.

ബോണ് ഓണ് ക്രിസ്മസ് ഡേ,

ജിജുജേക്കബിനും അദ്ദേഹത്തിന്റെ കുടുംബത്തിനും ക്രിസ്മസ്-നവവത്സര ആശംസകളോടെ,

ടാലന്റഡ് ബാങ്കേഴ്സ്.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇരിങ്ങാലക്കുട ടൗൺ ശാഖ, തൃശൂർ
-----------------------------------------------------------------------------------------------

Today’s Talented Banker belonged to the prestigious SBT Football team, the institutional club

which was founded on 3rd of May, 1993.

Jiju Jacob
Branch Head
State Bank of India
Cochin Port Trust Branch

He was born on the Christmas day of 1967 in Beypore, Kozhikode, as the first of the three kids of Shri. Jacob Peter and Smt. Elizabeth Peter.

His father, “mash" to all in the locality, and a double MA holder, was a Railway Station Master who excelled in hockey and body building. His mother was a teacher and Headmistress in the schools at Beypore and Nadakkavu.

Jiju had ample area and friends to play football with, near Vellayil railway station where his father worked. Even famous National players arrived who were considered as role models. He says he was encouraged by an expert coach, Radhamadhavan who frequented there.

He studied in the Kozhikode Malabar Christian College HSS till the 7th standard and then in the St. Joseph’s Boys High school till 10th. He joined the school team in the 9th grade, training under Velayudhan Kutty mash. Their team became the Kerala Schools Football champions in 1983, winning over the G.V.Raja sports school and went on to play in Delhi for the Subrato cup.

He joined the college team at the Malabar Christian college where he did his pre degree and won various tournaments. During the time, he played in the A division games of the Kozhikode Young Gems and Breeze clubs. The A division winning junior teams could play upto pre-quarter level. He still treasures the memories of fighting the strong JCT Phagwara team led by Parminder Singh. He learned a lot under the mentors- Olympian Abdul Rahman from ‘Breeze ‘ and Ummer from SBI.

He joined the Kannur Keltron team which moulded his Rough and Tough game strategy to Skillful play. He also got the right-wing back position through the rigorous practising under the coach Balakrishnan(retired from the Navy). He was a Kerala team member in the 1990 Santhosh trophy tournament in Goa. He played in six Santhosh trophy tournaments in a row, and won the Kerala Santhosh trophy in 1992 and 1993 and the team reached the second position twice. He led the Santhosh trophy team and the Kerala team that became the National games champions in the year 1997.

He got recruited to SBT in 1993 along with 5 other footballers as part of the bank’s policy to improve the SBT Football team into a strong institutional team capable enough to win at the National level. He got selected to the Indian team the same year.

From 1993 to 1998, he played in the Indian team for two SAF games, two SARC games, two Nehru cup, World cup qualifying round and Asian games, and retired from the Indian team in 1998. As advised by international coaches, he learned to excel in the libero(sweeper) versatile centre-back position which is more fluidic than that of other defenders. He came to be known as

one of the best defenders of the Indian team.

The G.V. Raja gold medal given by Kerala Football Association for the best footballer in 1997 and the G.V. Raja award given by the Kerala government in 1998, in recognition of his excellence in the game in the year 1997 top the huge pile of trophies and medals he has won.

In 2000, he has steppe out of the ground into mainstream banking and served as the SBT team manager twice till the bank merger.

He had joined the bank in the clerical cadre in the P A department, Head Office. As per SBI guidelines, he got out of turn promotion in 1997 and worked in Sanghumukhom Airport branch and Kerala University Office Campus branch. In 2004 he got scale 2 promotion and joined NAC Poojapura branch. Then he was transferred to Kozhikode Zonal Office in 2008. In 2010, he was promoted and was posted as Manager (Personal Banking) in Iringalakkuda branch. He joined Madavoor branch as BM in 2013 and in 2016 became Pattom branch Chief Manager. He reached SBI Corporate Centre Mumbai in 2017 and returned to Thiruvananthapuram LHO as CM in MBPM Department. Recently he got posted as Branch Head, Cochin Port Trust branch, where he would join after Christmas.

His spouse is Minimol Mathai, who is presently working as Chief Associate in SBI Thiruvananthapuram Medical College branch. His elder son Nikhil J Jiju is pursuing his postgraduation from the National Forensic University in Gujarat. His younger son is a +2 student.

Jiju is doing game analysis and commentary for the Sports expert panel of Star sports for the last 5 years. He is also doing the same for ISL games in Asianet plus.

Jiju touch is so special and known to all Indian football lovers!

We present this little article as a Christmas gift and a birthday present to you, Shri. Jiju Jacob – the hero Indian footballer of all times.

We wish that this Christmas and New Year bring you and your family all reasons to cheer and stride forward to your goals easily.